ഉത്തരം

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിലെ കഥകളി രൂപങ്ങൾക്ക് ആടയാഭരണങ്ങൾ അണിയിച്ച് നൽകാനുള്ള പ്രവൃത്തിക്കുള്ള അനുമതി 2013 മാർച്ച് മാസത്തിലാണ് കേരള കലാമണ്ഡലത്തിന് നൽകിയത്.

(ബി) 8 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്. അടങ്കൽ തുകയുടെ പകുതി തുകയായ 4 ലക്ഷം രൂപ 2014 ജനുവരി മാസത്തിൽ കേരള കലാമണ്ഡലത്തിന് നൽകിയിട്ടുണ്ട്.

(സി) കഥകളി രൂപങ്ങളുടെ ആടയാഭരണ അലങ്കാരാദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

**ആറന്മുട് നന്ദികേശ ശിൽപ പൈതൃക ഗ്രാമം**

81 (1481) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ആറന്മുട് നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ബി) ആറന്മുട്, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആറന്മുട് പടനിലം നന്ദികേശ ശിൽപ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്ന വിഷയം 6243/എ I/14/സാംകാവ ഫയലിൽ പരിശോധിച്ചു വരികയാണ്.

**മിഷൻ 676-ലൂടെ സാംസ്കാരിക രംഗത്തെ പദ്ധതികൾ**

82 (1482) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. പി. എ. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക രംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676-ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly